**21U346S** (Pages: 2) Name: ……………………..

Reg. No: …………………..

**THIRD SEMESTER B.A. DEGREE EXAMINATION, NOVEMBER 2022**

(CUCBCSS-UG)

**CC15U MAL3 B04 - നാടകം / തിരക്കഥ**

(Malayalam – Core Course)

(2015 to 2018 Admissions – Supplementary/Improvement)

Time: Three Hours Maximum: 80 Marks

**I. ഒറ്റവാക്കിൽ ഉത്തരമെഴുതുക. ഓരോന്നിനും അരമാർക്ക് വീതം.**

1. എന്താണ് കൂടിയാട്ടം?
2. സംസ്കൃത നാടകങ്ങളുടെ കേരളീയമായ രംഗാവതരണം ഏതു പേരിലാണ് അറിയപ്പെടുന്നത്?
3. മഴ എന്ന സിനിമയുടെ തിരക്കഥ എഴുതിയത് ആര്?
4. മലയാളത്തിൽ തനതുനാടകരംഗത്ത് ഏറ്റവും വിജയിച്ചിട്ടുള്ളത് ആര്?
5. പ്രശ്നനാടകങ്ങളുടെ പിതാവായി കണക്കാക്കുന്നത് ആരെ?
6. രാമായണത്തെ അടിസ്ഥാനമാക്കി സി.എൻ.ശ്രീകണ്ഠൻനായർ എഴുതിയ നാടകങ്ങൾ മൂന്നിനെയും ചേർത്ത് വിളിക്കുന്ന പേരെന്ത്?
7. മലയാള നാടകസാഹിത്യ ചരിത്രം എഴുതിയത് ആര്?
8. ഉയരുന്ന യവനിക എന്ന പുസ്തകം എഴുതിയത് ആര്?
9. മലയാളത്തിലെ ഒരു രാഷ്ട്രീയ നാടകത്തിന്റെ പേരെഴുതുക.
10. അവനവൻ കടമ്പ ഏതു നാടകപ്രസ്ഥാനത്തിൽ ഉൾപ്പെടുന്നു?

**(10 × ½ = 5 Marks)**

**II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. ഓരോന്നിനും രണ്ടുമാർക്ക് വീതം**

11. ഈഡിപ്പസിന്റെ ജനനസമയത്ത് കേട്ട അശരീരി എന്തായിരുന്നു?
12. മലയാളത്തിൽ തനതുനാടകങ്ങൾ രചിച്ച നാല്വ നാടകകൃത്തുക്കളുടെ പേരെഴുതുക.
13. 'അറിയാതെ ജനനിയെപ്പരിണയിച്ചോരു യവനതരുണന്റെ കഥയെത്ര പഴകി?' ആരാണ് ഈ യവനതരുണൻ? സൂചിതമെന്ത്?
14. വാസവദത്തയെ ഒളിപ്പിച്ച താമസിപ്പിക്കാൻ യൗഗന്ധരായണൻ തീരുമാനിച്ചത് എന്തുകൊണ്ട്?
15. ചക്കീചങ്കരത്തിന്റെ രചനാലക്ഷ്യം എന്തായിരുന്നു?

**(5 × 2 = 10 Marks)**

**III. ഏതെങ്കിലും അഞ്ചു ചോദ്യത്തിന് ഓരോ ഖണ്ഡികയിൽ ഉത്തരമെഴുതുക. ഓരോന്നിനും അഞ്ചുമാർക്ക് വീതം.**

16. ഭാരതി എന്റെ ഗുരുവാണ്. അവളെന്നെ പഠിപ്പിച്ചു. ഒരു സ്ത്രീയുടെ ജീവിതത്തിൽ ഏറ്റവും ഉന്നത പദവി എന്താണെന്ന് – ആരുടെ വാക്കുകൾ? വിവക്ഷിതമെന്ത്?
17. മണ്ണാത്തി – സ്വഭാവനിരൂപണം ചെയ്യുക.
18. രാവണന്റെ ജീവിതം ഒരു പാഴ്ചിലവായിരുന്നോ? – സംഭാഷണം വിശകലനം ചെയ്യുക.
19. തനതുനാടകത്തിന്റെ സവിശേഷതകൾ എന്തെല്ലാം?
20. എൻ കൃഷ്ണപിള്ളയുടെ കന്യക എന്ന നാടകം പ്രശ്നനാടകമാകുന്നത് എങ്ങനെ?
21. കുട്ടുകൃഷി എന്ന പേര് ആ നാടകത്തിന് എത്രമേൽ പ്രസക്തമാണ്?
22. റോസ് മേരി പറയാനിരുന്നത് എന്ന നാടകത്തിന്റെ ഇതിവൃത്തമെന്ത്?

**(5 × 5 = 25 Marks)**

**IV. ഏതെങ്കിലും നാലു ചോദ്യത്തിന് ഉപന്യാസരൂപത്തിൽ ഉത്തരമെഴുതുക. 10 മാർക്ക് വീതം**

23. എൻ.കൃഷ്ണപിള്ളയുടെ കന്യക എന്ന നാടകത്തെ വിമർശനാത്മകമായി വിലയിരുത്തുക.
24. ദുരന്തനാടകം എന്ന നിലയിൽ ഈഡിപ്പസ് രാജാവ് എന്ന നാടകത്തെ വിലയിരുത്തുക.
25. ഭരണകൂടചൂഷണത്തിനെതിരെയുള്ള പ്രതികരണമായി രാവുണ്ണി എന്ന നാടകത്തെ വിലയിരുത്താമോ? ചർച്ചചെയ്യുക.
26. ദൈവത്താർ എന്ന നാടകത്തിന്റെ രചനാപരവും അവതരണപരവുമായ സവിശേഷതകൾ ചർച്ചചെയ്യുക.
27. സംസ്കൃതനാടകങ്ങളുടെ സവിശേഷതകൾ സ്വപ്നവാസവദത്തം എന്ന നാടകത്തെ മുൻനിറുത്തി പരിശോധിക്കുക.
28. രാഷ്ട്രീയനാടകം എന്ന നിലയിൽ കുട്ടുകൃഷിയെ വിലയിരുത്താമോ? ചർച്ചചെയ്യുക.

**(4 × 10 = 40 Marks)**

*******